# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/146/2017 <u>പത്രക്കുറിപ്പ്</u> 2017 ജൂലായ് 13

**പഞ്ചവത്സര എം. എസ്സി.**

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആന്റ് റിസർച്ച് ഇൻ ബേസിക് സയൻസസിൽ(IIRBS) ഫെലോഷിപ്പോടുകൂടി പഞ്ചവത്സര എം. എസ്സി. കോഴ്സിന് അപേക്ഷിക്കാം യോഗ്യത 55 ശതമാനത്തിൽ കുറയാത്ത മാർക്കോടെ പ്ലസ് ടു (സയൻസ്). സയൻസിലും , ഗവേഷണത്തിലും പ്രത്യേക താത്പര്യമുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. എഴുത്തു പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണ് പ്രവേശനം. അപേക്ഷ സ്വികരിക്കുന്ന അവസാന തീയതി ജൂലായ് 15. അപേക്ഷാ ഫോറത്തിനും വിശദവിവരങ്ങൾക്കും വെബ്സൈറ്റ് : www.iirbsmgu.com.

**എം. എസ്സി. ക്ലാസുകൾ**

സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ 2017 അഡ്മിഷൻ എം. എസ്സി. കെമിസ്ട്രി ഒന്നാം വർഷ ക്ലാസ്സുകൾ ജൂലായ് 24 ന് രാവിലെ 9 മണിക്ക് ആരംഭിക്കും. ഫോൺ : 0481 – 2731036

സ്കൂൾ ഓഫ് ബയോസയൻസസിലെ 2017 അഡ്മിഷൻ ഒന്നാം സെമസ്റ്റർ എം. എസ്സി. ക്ലാസ്സുകൾ ജൂലായ് 26 ന് രാവിലെ 10 മണിക്ക് ആരംഭിക്കും.

**അപേക്ഷാതീയതി**

ഒന്നാം സെമസ്റ്റർ ബി. എഡ്. (ഏകവർഷം – 2013 & 2014 അഡ്മിഷൻ) ഡിഗ്രി പരീക്ഷകൾക്ക് അപേക്ഷകൾ പിഴയില്ലാതെ ജൂലായ് 24 വരെയും, 50 രൂപ പിഴയോടെ 25 വരെയും, 500 രൂപ സൂപ്പർഫൈനോടെ 31 വരെയും സ്വീകരിക്കും. അപേക്ഷകർ പേപ്പറൊന്നിന് 20 രൂപ വീതം (പരമാവധി 100) സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം. പരീക്ഷാതീയതി പിന്നീട്.

**പരീക്ഷാതീയതി**

രണ്ടാം സെമസ്റ്റർ എം. എ. ചെണ്ട & മദ്ദളം (സി. എസ്. എസ് – 2016 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) ഡിഗ്രി പരീക്ഷകൾ ജൂലായ് 19 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂലായ് 15 വരെ സ്വീകരിക്കും.

ഒന്നാം വർഷ എം. ഫാം – ഫാർമസ്യൂട്ടിക്സ്/ഫാർമക്കോളജി (2016 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷകൾ ജൂലായ് 18 മുതൽ നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു.

നാലാം സെമസ്റ്റർ ബി. എ. മാസ് കമ്മ്യൂണിക്കേഷൻ & ജേർണലിസം, വിഷ്വൽ കമ്മ്യൂണിക്കേഷൻ, ബി. എസ്സി. കളിനറി ആർട്സ് & കാറ്ററിംഗ് ടെക്നോളജി, ബി. പി. ഇ (സി. ബി. സി. എസ്. എസ്) ഡിഗ്രിയുടെ പരീക്ഷ പേപ്പറുകൾ ജൂലായ് 25 മുതൽ ആരംഭിക്കും.

**പ്രാക്ടിക്കൽ, പ്രോജക്റ്റ് ഇവാല്യൂവേഷൻ, വൈവാവോസി**

2017 മെയ് മാസത്തിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ ബി. എസ്സി. സുവോളജി ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ജൂലായ് 19 മുതൽ അതാത് കോളേജുകളിൽ ആരംഭിക്കും. ഇതോടനുബന്ധിച്ചുള്ള എക്സാമിനർമാരുടെ യോഗം ജൂലായ് 17 ന് 11 മണിക്ക് പുതിയ പരീക്ഷാ ഭവനിലെ 201-ാം നമ്പർ മുറിയിൽ വച്ച് നടത്തും.

2017 മെയ്, ജൂൺ മാസങ്ങളിൽ നടത്തിയ നാലാം സെമസ്റ്റർ എം. എസ്സി. ബോട്ടണി ഡിഗ്രി പരീക്ഷയുടെ പ്രോജക്റ്റ് ഇവാല്യൂവേഷനും വൈവാ വോസിയും ജൂലായ് 20 മുതൽ അതാത് കോളേജുകളിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 മെയ് ജൂൺ മാസങ്ങളിൽ നടത്തിയ നാലാം സെമസ്റ്റർ എം. എസ്സി. ഇൻഫർമേഷൻ ടെക്നോളജി പരീക്ഷയുടെ പ്രോജക്റ്റ് ഇവാല്യൂവേഷനും വൈവാ വോസിയും ജൂലായ് 19 ന് കോന്നി വി. എൻ. എസ് ആർട്സ് ആന്റ് സയൻസ് കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തിയ എം. എ. സോഷ്യോളജി (ഓഫ് കാമ്പസ് – സപ്ലിമെന്ററി/മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷകളുടെ വൈവാ വോസി ജൂലായ് 19 ന് എറണാകുളം സെന്റ് തെരേസാസ് കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ ബി. കോം, ബി. സി. എ, ബി. റ്റി. എസ്, ബി. എസ്. ഡബ്ല്യൂ, ബി.ബി.എ മോഡൽ I & II( സി. ബി. സി. എസ്. എസ് - 2013 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 26 വരെ സ്വീകരിക്കും.

സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് 2016 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം. ഫിൽ ജനറൽ സോഷ്യൽ സയൻസസ്, സോഷ്യൽ ട്രാൻസ്ഫോർമേഷൻ ആന്റ് എംപവർമെന്റ്, ഹ്യൂമൻ ഇക്കോളജി ആന്റ് നാച്ചുറൽ ഹിസ്റ്ററി (സി. എസ്. എസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് 2017 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം. ഫിൽ ബിഹേവിയറൽ സയൻസസ് ആന്റ് റീഹാബിലിറ്റേഷൻ നഴ്സിങ് (സി. എസ്. എസ് - റീ അപ്പിയറൻസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് 2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം. എസ്സി. ഡിസബിലിറ്റി സ്റ്റഡീസ് ആന്റ് റീഹാബിലിറ്റേഷൻ സയൻസസ് (സി. എസ്. എസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റൻസീവ് റിസർച്ച് ഇൻ ബേസിക് സയൻസസ് 2016 മെയ് മാസത്തിൽ നടത്തിയ എട്ടാം സെമസ്റ്റർ, 2016 ഡിസംബറിൽ നടത്തിയ ഒൻപതാം സെമസ്റ്റർ, 2017 ജൂലായിൽ നടത്തിയ പത്താം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് എം. എസ്സി. ഇന്റർ ഡിസിപ്ലിനറി (സി. എസ്. എസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

**ബി. എസ്സി. സൂക്ഷ്മ പരിശോധന**

2016 മെയ് മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി. എസ്സി. മോഡൽ 1, 2, 3 ഡിഗ്രി പരീക്ഷകളുടെ ഉത്തരക്കടലാസ് സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷിച്ചവർ ജൂലായ് 17, 18 തീയതികളിൽ 11 മണിക്ക് പുതിയ പരീക്ഷാ ഭവനിലെ 226-ാം നമ്പർ മുറിയിലെ ഇ. ജെ. 2 സെക്ഷനിൽ ഹാജരാകണം.

**സർവ്വകലാശാലാ യൂണിയൻ ജനറൽ കൗൺസിൽ**

2016 -17 ലെ മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയൻ പുന : സംഘടിപ്പിച്ചു. സർവ്വകലാശാലാ യൂണിയനിലേക്കുള്ള തിരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന് (ജൂലായ് 14) പ്രസിദ്ധീകരിക്കും. ഓഗസ്റ്റ് മൂന്നിന് നടക്കുന്ന തിരഞ്ഞെടുപ്പിന്റെ ജനറൽ കൗൺസിൽ അംഗങ്ങളുടെ പ്രാഥമിക പട്ടിക www.mgu.ac.in എന്ന സർവ്വകലാശാല വെബ്സൈറ്റിൽ പരിശോധിക്കാവുന്നതാണ്. പട്ടികയിൽ പേരില്ലാത്ത കൗൺസിലർമാർ തങ്ങളുടെ ഫോട്ടോയും വിവരങ്ങളും നിശ്ചിത മാതൃകയിലുള്ള ഫോറത്തിൽ ജൂലായ് 19 നകം സർവ്വകലാശാലാ ഇലക്ഷൻ വിഭാഗത്തിൽ സമർപ്പിക്കേണ്ടതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**